**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. മുഹമ്മദ്. എൻ. സി., നരിങ്ങക്കുംചാലിൽ, വലകെട്ടിൽ, കുറ്റ്യാടി എന്നയാളെ കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (ക്രൂസ്) പ്യൂൺ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 508//2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 18.02.2017

പരാമർശം : 1. ശ്രീ. മുഹമ്മദ് എൻ.സി.യുടെ 08.08.2015 ലെ അപേക്ഷ.
2. ക്രൂസ് സെക്രട്ടറിയുടെ 01.09.2015, 17.12.2015 തീയതികളിലെ എ/627/2015 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (ക്രൂസിൽ) ദിവസവേതനാടിസ്ഥാനത്തിൽ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. മുഹമ്മദ്.എൻ. സി, നരിങ്ങക്കുംചാലിൽ, വലകെട്ടിൽ, കുറ്റ്യാടി എന്നയാളിനെ ക്രൂസിൽ ഒഴിവുള്ള തസ്തികകളിൽ ഏതെങ്കിലും ഒന്നിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം ഒന്നു പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

2. പഞ്ചായത്ത് വകുപ്പിൻ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (ക്രൂസ്) ഒഴിവുള്ള പ്യൂൺ തസ്തികയിൽ ശ്രീ. മുഹമ്മദിന് മാനുഷിക പരിഗണന നൽകി നിയമനം നൽകുന്നതിനുള്ള ക്രൂസ് ഡയറക്ടർ ബോർഡിന്റെ തീരുമാനം അനുമതിക്കായി ക്രൂസ് സെക്രട്ടറി പരാമർശം രണ്ടു പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. മുഹമ്മദ്. എൻ. സി., നരിങ്ങക്കുംചാലിൽ, വലകെട്ടിൽ, കുറ്റ്യാടി എന്നയാളെ കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (ക്രൂസ്) പ്യൂൺ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിലവിലെ നടപടിക്രമം പാലിച്ചിട്ടുണ്ടെന്നുറപ്പാക്കിക്കൊണ്ട് കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.എസ്. ബിന്ദു
അണ്ടർ സെക്രട്ടറി

ശ്രീ. മുഹമ്മദ്. എൻ. സി., നരിങ്ങക്കുംചാലിൽ, വലകെട്ടിൽ, കുറ്റ്യാടി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ക്രൂസ്
പൊതുഭരണ (എസ്.സി) വകുപ്പ് (25.02.2016-ലെ ഇനം. നം. 8543 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് :- തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ